**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **14-03-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. നിരത്ത് വിഭാഗം 1. Providing RP work and drainage facilities to Perambra-Chembra Koorachundu road between Km 4/700 10/800 - 60% പുരോഗതി കൈവരിച്ചു 2. Improvernents to Meppayur-Cheruvannur-Pannimukku-Avala Road between km 4/000 to 6/500 in Kozhikkode District - 20% പുരോഗതി കൈവരിച്ചു 3. Providing RP to Narinada Kulathuvayal road between krn 0/000 to 3/600 - 60% പുരോഗതി കൈവരിച്ചു 4 Providing BM & BC to Perambra Thanikkandi Chakkittapara road Km 0/000 to 8/200 - പ്രവൃത്തി നടത്തിപ്പിൽ നിന്നും പഴയ കരാറുകാരനെ ടെർമിനേഷൻ നടത്തി പുതിയ കരാറുകാരനാൽ പ്രവൃത്തി പുരോഗമിക്കുന്നു. 20% പുരോഗതി കൈവരിച്ചു 5. lmprovements to Perambra-Chenoli-Nochad-Ekkattoor- Tharammalangadi road between km 0/000 to 8/560 in Kozhikkode District- 60% പുരോഗതി കൈവരിച്ചു കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന കിഫ്ബി പ്രവൃത്തികൾ 1. പുതിയങ്ങാടി ഉള്ള്യേരി - കുറ്റ്യാടി റോഡ് ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിന്റെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2. കൊല്ലം-നെല്ല്യാടി മേപ്പയൂർ റോഡ് 38.955 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. 1.6555ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ലാൻഡ് അക്വിസിഷനുള്ള റിക്വിസിഷനുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി റീടെണ്ടർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുത്തിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കുന്നതിനായി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. കൂടാതെ, പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ മുഖേന പേരാമ്പ്ര ബൈപ്പാസ് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നു. ടി പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. 23% ആണ് നിർമ്മാണ പുരോഗതി. |
| (ബി) | പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന്റെയും, വടക്കുമ്പാട്-വഞ്ചിപ്പാറ ഗോപുരത്തിലിടം റോഡിന്റെയും പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | 1. പേരാമ്പ്ര – ചെമ്പ്ര - കൂരാച്ചുണ്ട് റോഡ്. 50% പ്രവൃത്തിയാണ് പൂർത്തിയാക്കിയത്. ഡ്രെയിനേജ് 1887മീറ്റർ നിർമ്മാണം 390 മീറ്റർ കരിങ്കല്ല് കെട്ട് 190 മീറ്റർ WMM 640 മീറ്റർ GSB 220 മീറ്റർ Earth cutting, 280 മീറ്റർ Meter Earth Filling 105മീറ്റർ Meter ഡ്രൈനേജ് ഉയർത്തൽ, 9 മീറ്റർ ഡ്രൈനേജ് സ്ലാബ് നിർമ്മാണം, 190 മീറ്റർ ഇന്റർലോക്ക്. ഒരു ക്രോസ് ഡ്രൈൻ എന്നീ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്. പ്രവ്യത്തി സമയ ബന്ധിതമായി തീർക്കുന്നതിൽ കരാറുകാരൻ അലംഭാവം കാണിച്ചതിനാൽ 28.02.2022-ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഉടമ്പടി റദ്ദ് ചെയ്തു. Risk & cost വ്യവസ്ഥയിൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2. വടക്കുമ്പാട് വഞ്ചിപ്പാറ ഗോപുരത്തിലിടം റോഡ്. 1500 മീറ്റർ നീളത്തിൽ 1 മീറ്റർ ഉയരത്തിൽ കരിങ്കൽ കെട്ട്, 500 മീറ്റർ നീളത്തിൽ റോഡിന്റെ വീതി കൂട്ടൽ എന്നീ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്. മേൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തു ബാലൻസ് വർക്ക് ടെണ്ടർ ചെയ്യുകയും പുതിയ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. |
| (സി) | പ്രസ്തുത റോഡുകളുടെ പ്രവൃത്തി നേരത്തെ ഏറ്റെടുത്ത കരാറുകാർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി പുന:ക്രമീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന രീതിയിൽ നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നിശ്ചിത കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ പിഴ ചുമത്തൽ, കരാർ നഷ്ടോത്തരവാദിത്തത്തിൽ അവസാനിപ്പിച്ച് പുനർ ദർഘാസ് ക്ഷണിക്കുകയും, പ്രസ്തുത കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ